പതിനാലാം കേരള നിയമസഭ

സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. T 2160 | 07/03/2017 ൽ മറുപടി<br>നല്കേണ്ടത്. |

**മത്സ്യത്തിൽ രാസവസ്തുക്കൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത്കോയ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മത്സ്യത്തിൽ അപകടകരമായ രാസ വസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽ പ്പെട്ടാൽ ആയത് പരാതിപ്പെടാനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | എ) | നിലവിലുണ്ട്. അത്തരം പരാതികൾ നൽകുന്നതിനായി ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റിൽ ഓഫീസ് സമയങ്ങളിൽ 1800 425 1125 എന്ന ടോൾഫ്രീ നമ്പറും ഇതുകൂടാതെ foodsafetykerala@gmail.com എന്ന മെയിൽ ഐഡിയും ഉപയോഗിക്കാവുന്നതാണ്.<br>ജില്ലാ ഓഫീസുകളിൽ അതാതു ജില്ലകളിലെ അസിസ്റ്റന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർമാരുടെ മൊബൈൽ നമ്പറുകളിലും, ഓഫീസ് നമ്പറുകളിലും, മെയിൽ ഐഡിയിലും പരാതികൾ അറിയിക്കാവുന്നതാണ്.<br>ഓരോ നിയമസഭ നിയോജക മണ്ഡലത്തിലും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഫുഡ് സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ മൊബൈൽ നമ്പറിലും മെയിൽ ഐഡിയിലും പരാതിപ്പെടാവുന്നതാണ്. |
| ബി) | പ്രസ്തുത സംവിധാനം പര്യാപ്തമാണോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | ബി) | നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. |
| സി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) | പരാതികൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് ഒരു മൊബൈൽ ആപ്പ് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ